"ഭരണഭാഷ- മാതൃഭാഷ"

**കേരള സർക്കാർ**

**<u>സംഗ്രഹം</u>**

റവന്യൂ വകുപ്പ് - തിരുവനന്തപുരം ജില്ലയിലെ നെടുമങ്ങാട് താലൂക്കിൽ വാമനപുരം വില്ലേജിൽ ബ്ലോക്ക് നമ്പർ 1-ൽ റീസർവ്വെ നമ്പർ 267/7-ൽപ്പെട്ട സർക്കാർ പുറമ്പോക്ക് ഭൂമിയിൽ നിന്നും വീടും ചമയങ്ങളും മാത്രം ഉൾപ്പെട്ട 03.05 ആർ ഭൂമിയുടെ ഇനം സർക്കാർ പുറമ്പോക്ക് എന്നത് സർക്കാർ തരിശ് എന്ന് ഇനം മാറ്റി അർഹതയുടെ അടിസ്ഥാനത്തിൽ ശ്രീ. മണിയൻ, മുള്ളുകാട്ടുക്കലിൽ വീട്, വാമനപുരം എന്നയാൾക്ക് പതിച്ചു നൽകുന്നതിനുള്ള നടപടികൾ സ്വീകരിക്കാൻ ജില്ലാ കളക്ടർക്ക് അനുമതി നൽകി - ഉത്തരവ് പുറപ്പെടുവിക്കുന്നു.

---

റവന്യൂ (യു) വകുപ്പ്

സ.ഉ.(കൈ) നം.342/2025/RD തീയതി,തിരുവനന്തപുരം, 23-12-2025

---

പരാമർശം:-

1. ശ്രീ. മണിയൻ, മുള്ളുകാട്ടുക്കലിൽ വീട് (VP IV 404), വാമനപുരം എന്നയാളുടെ അപേക്ഷ.
2. ജില്ലാ കളക്ടറുടെ 29.04.2023, 06.10.2025 തീയതികളിലെ ബി.2/137111/2018 നമ്പർ കത്തുകൾ.
3. ലാൻറ് റവന്യൂ കമ്മീഷണറുടെ 11.12.2024, 14.10.2025 തീയതികളിലെ LR/ 5678/2022-LR(PM2) നമ്പർ കത്തുകൾ.

**<u>ഉത്തരവ്</u>**

തിരുവനന്തപുരം ജില്ലയിലെ നെടുമങ്ങാട് താലൂക്കിൽ വാമനപുരം വില്ലേജിൽ ബ്ലോക്ക് നമ്പർ 1-ൽ റീസർവ്വെ നമ്പർ 267/7-ൽപ്പെട്ട 15 സെൻറ് സർക്കാർ പുറമ്പോക്ക് ഭൂമി പതിച്ചു കിട്ടുന്നതിനായി ശ്രീ. മണിയൻ, മുള്ളുകാട്ടുക്കലിൽ വീട്, വാമനപുരം എന്നയാൾ പരാമർശം (1) പ്രകാരം അപേക്ഷ സമർപ്പിച്ചിരുന്നു. പ്രസ്തുത അപേക്ഷയിന്മേൽ കേരള ഭൂമി പതിവ് ചട്ടപ്രകാരമുള്ള 12 (1) നോട്ടീസ് പ്രസിദ്ധീകരിക്കുകയും ആക്ഷേപരഹിതമായി മടങ്ങിയിട്ടുള്ളതും വാമനപുരം ഗ്രാമപഞ്ചായത്ത് തീരുമാനം ആയിട്ടുള്ളതും താലൂക്ക് ഭൂമി പതിവ് കമ്മിറ്റി അംഗീകാരം നൽകിയിട്ടുള്ളതുമാണ്. അപേക്ഷാ വസ്തുവിൽ അപേക്ഷകനും കുടുംബത്തിന്റെയും കൈവശത്തിന് 70 വർഷത്തിലധികം കാലപ്പഴക്കമുള്ളതായും അപേക്ഷകനോ കുടുംബത്തിലെ മറ്റാർക്കുമോ മറ്റ് കൈവശ ഭൂമിയില്ലാത്തതും അപേക്ഷക്ക് ആധാരമായ ഭൂമി എം.സി റോഡിനോട് ചേർന്നു വരുന്നതും, പതിവ് ഭൂമിക്ക് സെന്റ് ഒന്നിന് 6,00,000/- രൂപ (ആറു ലക്ഷം രൂപ മാത്രം) കമ്പോളവിലയുള്ളതായും അപേക്ഷകനും, കുടുംബത്തിനും 72,000/- രൂപ വാർഷിക വരുമാനം ഉള്ളതായും അപേക്ഷകന്റെ വീട്ടിൽ നിന്നും എം.സി റോഡിലേയ്ക്കുള്ള ഭാഗത്ത് 2 മീറ്റർ മാറി 3.65 ആർ ഭൂമി റോഡ് വികസനത്തിനായി മാറ്റിയിട്ട് ബാക്കി വരുന്ന 4.37 ആർ ഭൂമി അപേക്ഷകന് പതിച്ചു നൽകാവുന്നതാണെന്ന് തഹസിൽദാർ ശിപാർശ ചെയ്തിട്ടുള്ളതായും റിപ്പോർട്ട് ചെയ്തിട്ടുണ്ട്. പ്രസ്തുത ഭൂമിയിൽ നിന്നും അപേക്ഷകന്റെ വീടും

ചമയങ്ങളും മാത്രം ഉൾപ്പെട്ട 03.05 ആർ ഭൂമിയുടെ ഇനം സർക്കാർ പുറമ്പോക്ക് എന്നത് കേരള ഭൂമി പതിവ് ചട്ടങ്ങൾ 1964, ചട്ടം 24 പ്രകാരമുള്ള സർക്കാരിന്റെ അധികാരം വിനിയോഗിച്ച് സർക്കാർ തരിശ് എന്ന് ഇനം മാറ്റി അർഹതയുടെ അടിസ്ഥാനത്തിൽ പതിച്ചു നൽകുന്നതിന് സർക്കാർ ഉത്തരവ് ലഭ്യമാക്കണമെന്നുമാണ് തിരുവനന്തപുരം ജില്ലാ കളക്ടറും ലാൻറ് റവന്യൂ കമ്മീഷണറും പരാമർശം (2)&(3) പ്രകാരം ആവശ്യപ്പെട്ടിട്ടുള്ളത്.

2. സർക്കാർ ഇക്കാര്യം വിശദമായി പരിശോധിച്ചു. ജില്ലാ കളക്ടറുടെയും ലാൻറ് റവന്യൂ കമ്മീഷണറുടെയും റിപ്പോർട്ടിന്റെ അടിസ്ഥാനത്തിൽ ശ്രീ. മണിയൻ, മുള്ളുകാട്ടുക്കലിൽ വീട്, വാമനപുരം എന്നയാളും കുടുംബവും 70 വർഷമായി കൈവശം വച്ച് താമസിച്ച് വരുന്ന നെടുമങ്ങാട് താലൂക്കിൽ വാമനപുരം വില്ലേജിൽ ബ്ലോക്ക് നമ്പർ 1-ൽ റീസർവ്വെ നമ്പർ 267/7-ൽപ്പെട്ട സർക്കാർ പുറമ്പോക്ക് ഭൂമി എം.സി. റോഡിന്റെ സമീപത്തായതിനാൽ പ്രസ്തുത ഭൂമിയിൽ നിന്നും വീടും ചമയങ്ങളും മാത്രം ഉൾപ്പെട്ട 03.05 ആർ ഭൂമി മാത്രം, ഭൂമിയുടെ ഇനം സർക്കാർ പുറമ്പോക്ക് എന്നത് സർക്കാർ തരിശ് എന്ന് ഇനം മാറ്റി അർഹതയുടെ അടിസ്ഥാനത്തിൽ പതിച്ച് നൽകുന്നതിന് നടപടികൾ സ്വീകരിക്കാൻ തിരുവനന്തപുരം ജില്ലാ കളക്ടർക്ക് അനുമതി നൽകിക്കൊണ്ട് ഉത്തരവ് പുറപ്പെടുവിക്കുന്നു.

3. ഇത് സംബന്ധിച്ച നിയമാനുസൃത തുടർനടപടികൾ തിരുവനന്തപുരം ജില്ലാ കളക്ടർ സ്വീകരിക്കേണ്ടതാണ്.

(ഗവർണറുടെ ഉത്തരവിൻ പ്രകാരം)
ഗോപകുമാർ.ആർ.എൽ
അഡിഷണൽ സെക്രട്ടറി

ലാൻറ് റവന്യൂ കമ്മീഷണർ, തിരുവനന്തപുരം.
ജില്ലാ കലക്ടർ, തിരുവനന്തപുരം.
ശ്രീ. മണിയൻ, മുള്ളുകാട്ടുക്കലിൽ വീട് (VP IV 404), വാമനപുരം, തിരുവനന്തപുരം.
പ്രിൻസിപ്പൽ അക്കൗണ്ടന്റ് ജനറൽ (ഓഡിറ്റ്/എ& ഇ) കേരള, തിരുവനന്തപുരം.
വിവര പൊതുജനസമ്പർക്ക (വെബ് & ന്യൂമീഡിയ) വകുപ്പ്.
ഓഫീസ് കോപ്പി/സ്റ്റോക്ക് ഫയൽ.

ഉത്തരവിൻ പ്രകാരം,

Signed by
Sindhu L V
Date: 27-12-2025 11:11:29
സെക്ഷൻ ഓഫീസർ

പകർപ്പ്:

ബഹു. റവന്യൂ മന്ത്രിയുടെ പി എസ്സിന്.

സെക്രട്ടറിയുടെ പി എ യ്ക്ക്.

അഡിഷണൽ സെക്രട്ടറിയുടെ സി എ യ്ക്ക്.